**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1752** **16-10-2026-ൽ മറുപടിയ്ക്ക്**

**അംഗൻവാടി വികസനവും വനിതാ സ്വയംതൊഴിൽ പ്രോത്സാഹനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ ഘട്ടംഘട്ടമായി ശിശുസൗഹൃദ സ്മാർട്ട് അംഗൻവാടികൾ ആയി ഉയർത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;

**മറുപടി:** കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ ഘട്ടംഘട്ടമായി ശിശുസൗഹൃദ അങ്കണവാടികളായി ഉയർത്തുന്നതിനും വനിതാ- ശിശു വികസന വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സക്ഷം അങ്കണവാടി നവീകരണം:** 2021-22 വർഷം മുതൽ 2025-26 വർഷത്തിനുള്ളിൽ പ്രതിവർഷം 40000 അങ്കണവാടികൾ എന്ന തോതിൽ 2 ലക്ഷം അങ്കണവാടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 60:40 അനുപാതത്തിൽ സക്ഷം അങ്കണവാടികളായി നവീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ സർഗാത്മകവും സാമൂഹികവും വൈകാരികവും വൈജ്ഞാനികവും ബൗദ്ധികവുമായ വികാസം ഉത്തേജിപ്പിക്കുന്നതിനായി പോഷൺവാടികൾ ഉൾപ്പെടെ മെച്ചപ്പെട്ട പോഷകാഹാര വിതരണത്തിനായി അങ്കണവാടികൾ ശക്തിപ്പെടുത്തുന്നതിനും ഇന്റർനെറ്റ്/വൈ.ഫൈ കണക്റ്റിവിറ്റി, LED സ്ക്രീനുകൾ, വാട്ടർ പ്യൂരിഫെയർ, ആർ.ഒ. മെഷീൻ ഇൻസ്റ്റലേഷൻ, സ്മാർട്ട് ലേണിംഗ് എയ്ഡുകൾ, ഓഡിയോ വിഷ്വൽ എയ്ഡുകൾ, ശിശു സൗഹൃദ പഠനോപകരണങ്ങൾ എന്നിവയുൾപ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടി അങ്കണവാടികൾ നവീകരിക്കുന്നതിനും കൂടുതൽ സേവനങ്ങൾ അങ്കണവാടികൾ മുഖേന ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**അങ്കണവാടി നവീകരണം (സംസ്ഥാന ഫണ്ട്) :** വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ 33120 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളെ ശിശു സൗഹൃദ-പരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് അങ്കണവാടി നവീകരണം നടത്തി വരുന്നു. 2026-27 സാമ്പത്തിക വർഷം ഒരു അങ്കണവാടിയ്ക്ക് 2.5 ലക്ഷം രൂപ വീതം ആകെ 40 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**സ്മാർട്ട് അങ്കണവാടി നിർമ്മാണം:** സംസ്ഥാനത്തെ സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ-ശിശു വികസന വകുപ്പ് മുഖേന കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ലഭ്യമായ സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ആറ് വ്യത്യസ്ത കെട്ടിട നിർമ്മാണ പ്ലാനുകളിൽ വകുപ്പ് വിഹിതവും, തദ്ദേശസ്വയം ഭരണവകുപ്പ്/എം.എൽ.എ. വിഹിതവും 50:50 അനുപാതത്തിൽ പാലിച്ചു കൊണ്ട് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകി വരുന്നു.

**(ബി)** അംഗൻവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും സേവന-വേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം ഇളവുകളും ഫണ്ടുകളുമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

**<u>മറുപടി:</u>** അങ്കണവാടി പ്രവർത്തകർ, കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഓണറേറിയം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സന്നദ്ധ പ്രവർത്തകരാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയം/ അധിക സംസ്ഥാന വിഹിതം/തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം എന്നീ മൂന്ന് ഇനങ്ങൾ ഉൾപ്പെട്ടതാണ് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം. അങ്കണവാടി പ്രവർത്തകർക്ക് സർക്കാർ ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്.

അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം ഇനത്തിൽ നിലവിൽ അനുവദിക്കുന്ന തുക സംബന്ധിച്ച വിശദവിവരം **അനുബന്ധമായി** ചേർക്കുന്നു.

അങ്കണവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഇളവുകൾ അനുവദിച്ചിട്ടില്ല.

**(സി)** തൊഴിൽരഹിതരായ വനിതകൾക്കായി മണ്ഡലം അടിസ്ഥാനത്തിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങളും (Skill Development Centres) സ്വയംതൊഴിൽ സഹായ പദ്ധതികളും വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** തൊഴിൽ രഹിതരായ വനിതകൾക്കായി മണ്ഡലം അടിസ്ഥാനത്തിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങളും (Skill Development Centres) സ്വയം തൊഴിൽ സഹായ പദ്ധതികളും നടപ്പാക്കുന്ന പദ്ധതി വനിതാ -ശിശു വികസന വകുപ്പ് തലത്തിൽ നടപ്പാക്കുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് ASAP, ജെൻഡർ പാർക്ക് എന്നീ സ്ഥാപനങ്ങൾ മുഖേന സ്ത്രീകൾക്കുള്ള സ്കിൽ ഡെവലപ്പ്മെന്റ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതിയുടെ ഫണ്ട് വിനിയോഗിച്ചും സംസ്ഥാനമൊട്ടാകെ സ്ത്രീകൾക്കുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

**(ഡി)** കെയർ ഹോമുകൾ, ബാലമന്ദിരങ്ങൾ, വനിതാ സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന നയ പരിപാടിയാണ് നിർഭയ നയം. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയപോളിസി മുൻതൂക്കം

നൽകുന്നത്. നിർഭയപോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയസെൽ ലക്ഷ്യമിടുന്നത്.

ഉന്നത പഠനത്തിന് താൽപ്പര്യമില്ലാത്തവരും പതിനേഴര വയസ്സിന് താഴെയുള്ളവരും വീടുകളിലേക്ക് തിരിച്ച് പോകാൻ സാധിക്കാത്തതുമായ അതിജീവിതരായ പെൺകുട്ടികളുടെ ദീർഘകാല പുനരധിവാസം ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ ആരംഭിച്ച തേജോമയ ആഫ്റ്റർ കെയർ പദ്ധതി പ്രകാരം എൻടി ഹോമുകൾ, മോഡൽ ഹോം എന്നിവിടങ്ങളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ സൈക്കോളജിക്കൽ അസ്സെസ്സ്മെന്റ് നടത്തി അനുയോജ്യരായവരെ തിരഞ്ഞെടുക്കുകയും തേജോമയ ഹോമിലെത്തിച്ച് ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം, ജീവിതനൈപുണ്യപരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു.

18 വയസ്സ് കഴിഞ്ഞ അംഗങ്ങളെ പ്രത്യേകം താമസിപ്പിച്ച് പുനരധിവാസവും പുനരേകീകരണവും സാദ്ധ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യ സഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന 100% കേന്ദ്രാവിഷ്കൃതമായ പദ്ധതിയാണ് വൺസ്റ്റോപ്പ് സെന്ററുകൾ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒരു ഒ.എസ്.സി. വീതം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

ഗാർഹിക പീഡനവും മറ്റ് അതിക്രമങ്ങളും സാമൂഹിക പ്രതിസന്ധികളും അതിജീവിച്ച സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിച്ച് സ്വയംപര്യാപ്തരാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് വനിതാ-ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സമാരംഭം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്തെ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വിവിധ തലങ്ങളിൽ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ജില്ലാ തല പരിശോധനാ കമ്മിറ്റിയും സംസ്ഥാനതല പരിശോധനാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർ മുഖേന റാപ്പിഡ് ഇൻസ്പെക്ഷൻ കമ്മിറ്റിയും സ്ഥാപനങ്ങളിൽ പരിശോധന നടത്തി വരുന്നു. ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തി സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് ബാലനീതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നതും പുതുക്കി നൽകുന്നതും.

സർക്കാർ ഹോമുകളിൽ, കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതിയായ മിഷൻ വാത്സല്യ പദ്ധതിക്കു പുറമേ, സ്ഥാപനങ്ങളിലെ കുട്ടികൾക്കായി യോഗ, ആർട്സ് ആൻഡ് ക്രാഫ്റ്റ്, വിദ്യാഭ്യാസ പിന്തുണ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ, സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സമഗ്രവികസനത്തിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കുട്ടികൾക്ക് കൗൺസിലിംഗും മാനസികാരോഗ്യ പിന്തുണയും

നൽകുന്നതിനുള്ള സൈക്കോളജിസ്റ്റ് സേവനം, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഒരു കുട്ടിക്ക് പ്രതിവർഷം ₹18,000 നിരക്കിലുള്ള വിദ്യാഭ്യാസ സഹായം, ഓണക്കോടി വാങ്ങുന്നതിനായി ഒരു കുട്ടിക്ക് ₹3,000 നിരക്കിലുള്ള ധനസഹായം, ആഘോഷ പരിപാടികൾക്കുള്ള ഫണ്ട്, അവധിക്കാലത്ത് കലാ-കായിക പരിശീലനം, ജീവിതനൈപുണ്യ വികസനം, പഠന-വിനോദ പ്രവർത്തനങ്ങൾ, പഠനയാത്രകൾ എന്നിവയ്ക്കുള്ള അവധിക്കാല ഫണ്ട് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, കുട്ടികളുടെ കലാ, സാഹിത്യ സാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല ചിൽഡ്രൻസ് ഫെസ്റ്റും സംഘടിപ്പിച്ചു വരുന്നു.

സന്നദ്ധ സംഘടനകൾ നടത്തി വരുന്ന സർക്കാരിതര ഹോമുകളിൽ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ബാലനീതി നിയമപ്രകാരം രജിസ്ട്രേഷൻ ഉള്ളതുമായ 171 സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് ചട്ടപ്രകാരം സംസ്ഥാന ഫണ്ടിൽനിന്ന് ഒരു കുട്ടിക്ക് പ്രതിമാസം ₹ 1,375 നിരക്കിൽ ധനസഹായവും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| വിഭാഗം | കേന്ദ്രസർക്കാർ നിശ്ചയിച്ച ഹോണറേറിയം | | | കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാനം അനുവദിക്കുന്ന ഹോണറേറിയം | | ആകെ | | |
|---|---|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | കേന്ദ്ര സർക്കാർ നിശ്ചയിച്ച ആകെ ഹോണറേറിയം (1 +2) | സംസ്ഥാന വിഹിതം | | തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 10 വർഷത്തിൽ താഴെ സർവ്വീസ് ഉള്ളവർക്ക് | 10 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവർക്ക് |
| | | | | 10 വർഷത്തിൽ താഴെ സർവ്വീസ് ഉള്ളവർക്ക് | 10 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവർക്ക് | | | |
| അങ്കണവാടി വർക്കർ | 2700 | 1800 | 4500 | 8800 | 9300 | 2200 | 15500 | 16000 |
| അങ്കണവാടി ഹെൽപ്പർ | 1350 | 900 | 2250 | 7300 | 7800 | 1450 | 11000 | 11500 |

Asa T. Panicker.
സെക്ഷൻ ഓഫീസർ